<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5407</u> <u>03-11-2021 - ൽ മറുപടിയ്ക്ക്</u>

<u>എയർപോർട്ടിൽ ആറ് മണിക്കൂർ മുമ്പ് ആർ.റ്റി.പി.സി.ആർ. ടെസ്റ്റ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില എയർലൈൻസുകൾ 48 മണിക്കൂറിനുള്ള ആർ.റ്റി.പി.സി.ആർ. ടെസ്റ്റ് ചെയ്ത് നെഗറ്റീവ് സർട്ടിഫിക്കറ്റുമായി വരുന്നവരെയും ആറ് മണിക്കൂർ മുന്നേ എയർപോർട്ടിൽ എത്താൻ നിർദ്ദേശം നൽകി വീണ്ടും ആർ.റ്റി.പി.സി.ആർ ടെസ്റ്റിന് വിധേയരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യു.എ.ഇ.യിലേക്കുള്ള യാത്രക്കാർക്ക് യാത്ര പുറപ്പെടുന്നതിന് മുമ്പ് 48 മണിക്കൂറിനകമുള്ള RTPCR നെഗറ്റീവ് ഫലം ആവശ്യമാണ്. അതിനുപുറമേ, പുറപ്പെടുന്നതിനു മുമ്പുള്ള 4 മണിക്കൂറിനുള്ളിൽ വിമാനത്താവളത്തിൽ വച്ച് നടത്തുന്ന Rapid PCR പരിശോധനയ്ക്കും വിധേയമാകണം. അതത് രാജ്യങ്ങളാണ് ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ചില രാജ്യങ്ങൾ 4 മണിക്കൂറെന്നുള്ളത് 6 മണിക്കൂറായി പരിഷ്ക്കരിച്ചിട്ടുമുണ്ട്. വിദേശ രാജ്യങ്ങൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപടി സ്വീകരിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എയർപോർട്ട് അതോറിറ്റിക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | യു.എ.ഇ.യിലേക്കുള്ള യാത്രക്കാർക്ക് യാത്ര പുറപ്പെടുന്നതിന് മുമ്പ് 48 മണിക്കൂറിനകമുള്ള RTPCR നെഗറ്റീവ് ഫലം ആവശ്യമാണ്. അതിനുപുറമേ, പുറപ്പെടുന്നതിനു മുമ്പുള്ള 4 മണിക്കൂറിനുള്ളിൽ വിമാനത്താവളത്തിൽ വച്ച് നടത്തുന്ന Rapid PCR പരിശോധനയ്ക്കും വിധേയമാകണം. അതത് രാജ്യങ്ങളാണ് ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ചില രാജ്യങ്ങൾ 4 മണിക്കൂറെന്നുള്ളത് 6 മണിക്കൂറായി പരിഷ്ക്കരിച്ചിട്ടുമുണ്ട്. വിദേശ രാജ്യങ്ങൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ